"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**MGNREGS- തദ്ദേശ സ്വയംഭരണ വകുപ്പ് - VB-G-RAM G പദ്ധതി - ഫീൽഡ് തല പരിശോധനകൾ നടത്തുന്നതിനായി വികസിപ്പിച്ച ആൻഡ്രോയിഡ് വെബ് ആപ്ലിക്കേഷന് (VIGL APP) - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1230/2026/LSGD തീയതി,തിരുവനന്തപുരം, 03-07-2026**

---

പരാമർശം:- 1. സ.ഉ (സാധാ)നം.2215/2021/എൽ.എസ്.ജി.ഡി, തീയതി 08.11.2021

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 31.05.2024 തീയതിയിലെ NREGA/4/2022-E1 നമ്പർ കത്ത്.

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 23.04.2026 തീയതിയിലെ NREGA/4/2022-E1 നമ്പർ കത്ത്.

**ഉത്തരവ്**

MGNREGS-ൽ ഫീൽഡുതല പ്രവൃത്തി പരിശോധനകൾ നടത്തുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി ₹4 ലക്ഷം കവിയാത്ത തുക പദ്ധതിയുടെ ഭരണ ചെലവിൽ നിന്നും വിനിയോഗിക്കാൻ മിഷൻ ഡയറക്ടർക്ക് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ M/S PAN Environ India Pvt Ltd എന്ന സ്ഥാപനവുമായി ₹3.90 ലക്ഷത്തിന്റ (excluding GST) കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും FIELD INSPECTION APP മുഖേന ഫലപ്രദമായ വിധത്തിൽ മോണിറ്ററിങ് നടത്തുന്നതിനും Android App മുഖേന രേഖപ്പെടുത്തിയ ഡാറ്റ വിനിയോഗിച്ച് റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നതിനും വെബ് ആപ്ലിക്കേഷൻ അനിവാര്യമായതിനാൽ മൊബൈൽ അപ്പ്ലിക്കേഷനൊപ്പം വെബ് ആപ്ലിക്കേഷനും വികസിപ്പിക്കേണ്ടി വന്ന സാഹചര്യത്തിൽ M/s PAN Environ India Pvt Ltd-ന് നൽകേണ്ട തുക ₹4 ലക്ഷത്തിൽ അധികരിക്കുന്നതിനാൽ പ്രസ്തുത തുക വിനിയോഗിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്നും കൂടാതെ, സെക്യൂരിറ്റി ഓഡിറ്റിനായി തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ള M/S Mirox Cyber Security & Technology Pvt Ltd-ന് സെക്യൂരിറ്റി ആഡിറ്റിന് ₹1,12,100/- അനുവദിക്കുന്നതിനും FIELD INSPECTION APP രണ്ട് വർഷം കൂടുമ്പോൾ സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനുള്ള

ഭരണാനുമതി നൽകണമെന്നും മിഷൻ ഡയറക്ടർ മിഷൻ ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. തുടർന്ന് **MGNREGS**-ൽ നിന്ന് **VB-G RAM-G** യിലേയ്ക്ക് മാറുമ്പോൾ തൊഴിലുറപ്പു പ്രവൃത്തികളുടെ പരിശോധനയ്ക്കും മോണിറ്ററിംഗിനുമായി ആൻഡ്രോയിഡ് /വെബ് ആപ്ലിക്കേഷനായ **FIELD INSPECTION APP (VIGIL APP)** വികസിപ്പിച്ച വകയിൽ ചുവടെ കൊടുക്കുന്ന അനുമതികൾ ആവശ്യമുണ്ടെന്ന് സൂചന (3) പ്രകാരം മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി.

a. **M/s PAN Environ India Pvt Ltd**-ന് നൽകേണ്ട തുക 4,60,200/-രൂപ (including GST) രൂപയായി നിജപ്പെടുത്തി പുതുക്കിയ ഭരണാനുമതി.
b. സെക്യൂരിറ്റി ഓഡിറ്റ് രണ്ട് വർഷം കൂടുമ്പോൾ നടത്തുന്നതിനുള്ള അനുമതി

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. **MGNREGS**-ൽ നിന്ന് **VB-G RAM-G** യിലേയ്ക്ക് മാറുമ്പോൾ തൊഴിലുറപ്പ് പ്രവൃത്തികളുടെ പരിശോധനയ്ക്കും മോണിറ്ററിംഗിനുമായി ആൻഡ്രോയിഡ് /വെബ് ആപ്ലിക്കേഷനായ **FIELD INSPECTION APP (VIGIL APP)** വികസിപ്പിച്ച വകയിൽ **M/s PAN Environ India Pvt Ltd**-ന് നൽകേണ്ട തുക 4,60,200/-രൂപ (including GST) രൂപയായി നിജപ്പെടുത്തി ഭരണാനുമതി നൽകി കൊണ്ടും സെക്യൂരിറ്റി ഓഡിറ്റ് രണ്ട് വർഷം കൂടുമ്പോൾ നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

1. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ (ഐ &പി.ആർ.ഡി)
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
Date: 04-07-2026 09:21:28
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്